# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

2014 ജൂലൈ 17, വ്യാഴം

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

(ആകെ ചോദ്യങ്ങൾ-30)

| |
|---|
| മറുപടി നൽകുന്ന മന്ത്രിമാർ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| ജലവിഭവ വകുപ്പുമന്ത്രി |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി |
| പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

എൻഡോസൾഫാന്റെ അമിത ഉപയോഗം

*781 ശ്രീ. വി. ചെന്താമരാക്ഷൻ
,, എ.കെ. ബാലൻ
,, എം. ചന്ദ്രൻ
,, കെ.വി. വിജയദാസ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:**

(എ) പാലക്കാട് ജില്ലയിലെ മുതലമടയിലുള്ള മാന്തോപ്പുകളിൽ എൻഡോസൾഫാൻ പ്രയോഗത്തെ തുടർന്ന് നിരവധി കുട്ടികൾക്ക് മാനസിക-ശാരീരിക വൈകല്യങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

# കേരള നിയമസഭ

## 17-7-2014-ലെ മറുപടിക്ക്

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സർവ്വെയോ പഠനമോ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരം അറിയിക്കാമോ;

(സി) ഇവർക്കായി ഇതുവരെ എന്തെങ്കിലും ചികിത്സാ സഹായം നൽകുകയുണ്ടായോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

തൊഴിൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും

*782 ശ്രീ. ആർ. സെൽവരാജ്
,, തേറമ്പിൽ രാമകൃഷ്ണൻ
" ഡൊമിനിക് പ്രസന്റേഷൻ
" എ. റ്റി. ജോർജ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പൊതുജനങ്ങൾക്ക് തൊഴിൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും ദൂരീകരിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ട്; വിശദമാക്കുമോ;

(ബി) ഈ സംവിധാനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പൊതുജനങ്ങളുടെ പരാതികൾക്കും സംശയങ്ങൾക്കും പരിഹാരം നിർദ്ദേശിക്കുന്നതിനുള്ള സംവിധാനം എല്ലാ തലങ്ങളിലും ഒരുക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

<u>കേരള ടൂറിസം പ്രമോഷൻ ആന്റ് മാർക്കറ്റിംഗ്</u>

*783 ശ്രീ. പി. സി. വിഷ്ണുനാഥ്
,, കെ. മുരളീധരൻ
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് കേരള ടൂറിസം പ്രമോഷൻ ആന്റ് മാർക്കറ്റിംഗ് സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

മരുന്ന് പരീക്ഷണം

*784 ശ്രീ. പി. ഉബൈദുള്ള
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. എം. ഷാജി
,, കെ. എൻ.എ ഖാദർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ സംസ്ഥാനത്ത് കഴിഞ്ഞ രണ്ടു വർഷത്തിനിടെ മരുന്നു പരീക്ഷണങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) അനധികൃത മരുന്നു പരീക്ഷണം ഏതെങ്കിലും കമ്പനികൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) ഇക്കാര്യത്തിൽ സുപ്രീംകോടതി അടുത്തിടെ നിർദ്ദേശിച്ച ഉപാധികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ എന്തെങ്കിലും സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ

## 17-7-2014-ലെ മറുപടിക്ക്

വാട്ടർ അതോറിട്ടിയുടെ പ്രവർത്തനക്ഷമത

*785 ശ്രീ. ജോസഫ് വാഴക്കൻ
,, ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഈ സർക്കാർ വാട്ടർ അതോറിട്ടിയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി എത്ര പദ്ധതികൾ അനുവദിക്കുകയുണ്ടായി; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) മുടങ്ങിക്കിടന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

<u>കലോൽസവത്തിൽ എ ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം</u>

*786 ശ്രീ. ഐ.സി.ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, എ.റ്റി. ജോർജ്
,, കെ. മുരളീധരൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാന സ്കൂൾ കലോൽസവത്തിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകുന്നതിനുള്ള ഏതെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്ന് മുതലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി തുടങ്ങിയത്;

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയെന്ന് വിശദമാക്കാമോ;

(ഡി) ജില്ലാതല സ്കൂൾ കലോൽസവങ്ങളിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് കൂടി ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

ആഭ്യന്തര സീസണൽ വിനോദസഞ്ചാരം

*787 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, കെ. എൻ. എ. ഖാദർ
,, കെ. എം. ഷാജി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ആഭ്യന്തര സീസണൽ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മൺസൂൺ ടൂറിസം പദ്ധതിക്കായി എന്തൊക്കെ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നും ഈ വർഷത്തെ ശുഷ്കമായ മൺസൂൺ പ്രസ്തുത പദ്ധതിയെ ഏതുവിധം ബാധിച്ചുവെന്നും വിലയിരുത്തിയിട്ടുണ്ടോ ;

(സി) മഞ്ഞുകാലത്ത് തെക്കേ ഇന്ത്യയിലേക്ക് വിനോദസഞ്ചാരം നടത്തുന്ന ഉത്തരേന്ത്യൻ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ വേണ്ട നടപടികൾ മുൻകൂർ സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 17-7-2014-ലെ മറുപടിക്ക്

<u>കിണർ റീചാർജ് പദ്ധതി</u>

*788 ശ്രീ. ബെന്നി ബെഹനാൻ
,, ലൂഡി ലൂയിസ്
,, എ. റ്റി. ജോർജ്
,, വി. ഡി. സതീശൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കുടിവെള്ളത്തിനും ഗാർഹിക ആവശ്യങ്ങൾക്കുമായി കിണറുകൾ ജലസമൃദ്ധമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് കിണർ റീചാർജിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

<u>വരൾച്ചാ പ്രതിരോധപദ്ധതി</u>

*789 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എളമരം കരീം
,, ജെയിംസ് മാത്യൂ
,, പി.റ്റി.എ. റഹീം

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) മുൻവർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച വരൾച്ചാപ്രതിരോധപദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(സി) പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തു നടത്തിയ പ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയെത്രയെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥ</u>

*790 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ഇ.പി. ജയരാജൻ
,, വി. ശിവൻകുട്ടി
,, ബി. സത്യൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സർക്കാർ ആശുപത്രികളിൽ നല്ലൊരു പങ്കും ശോച്യാവസ്ഥയിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) മുൻവർഷം പ്രഖ്യാപിച്ച നവീകരണ പദ്ധതികൾ എന്തൊക്കെയായിരുന്നുവെന്നും അതിൽ എത്രമാത്രം നടപ്പാക്കിയെന്നും വ്യക്തമാക്കുമോ;

( സി) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ രോഗികൾ തമ്മിലടിച്ച് രണ്ടു പേർ മരിക്കാനിടയായതിനെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ഡി) ആശുപത്രിയിലെ സ്ഥിതിഗതി മനസ്സിലാക്കി മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും ഉത്തരവിട്ടിരുന്നോ; എങ്കിൽ എന്തായിരുന്നു ഉത്തരവ് ; അതിന്റെ കാരണം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

<u>എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഹോമിയോ ആശുപത്രികൾ</u>

*791 ശ്രീ. വർക്കല കഹാർ
,, ഹൈബി ഈഡൻ
" ജോസഫ് വാഴക്കൻ
" പി.എ. മാധവൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ, ഹോമിയോ ആശുപത്രികൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ആരുടെയെല്ലാം സഹകരണമാണ് ഇതിനു വേണ്ടി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

<u>കുറഞ്ഞ നിരക്കിലുള്ള കൂലി ലഭിക്കുന്ന തൊഴിലാളികൾ</u>

*792 ശ്രീ. കെ. അച്ചുതൻ
,, എം. എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കുറഞ്ഞ കൂലി ലഭിക്കുന്ന തൊഴിലാളികൾക്ക് സ്വന്തമായ വാസസ്ഥലം നൽകുന്നതിന് മിതമായ നിരക്കിൽ ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഭവനനിർമ്മാണ ചെലവ് കുതിച്ചുയരുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി തൊഴിലാളികൾക്ക് എത്രമാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനം</u>

*793 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
,, റ്റി.വി. രാജേഷ്
,, ആർ. രാജേഷ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ചുള്ള പ്രശ്നം ചർച്ചകളിലൂടെ പരിഹരിക്കുന്നതാണെന്ന് മന്ത്രി നൽകിയ ഉറപ്പിനെ തുടർന്ന് എന്തെങ്കിലും ചർച്ചകൾ നടത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ എത്ര സീറ്റുകൾക്കാണ് പൊതു മെറിറ്റ് ലിസ്റ്റിൽ നിന്ന് പ്രവേശനം ലഭിക്കുകയെന്ന് അറിയിക്കാമോ;

(സി) സർക്കാർ നിലപാടിന് വിരുദ്ധമായി പ്രവേശന നടപടികളുമായി മുന്നോട്ടുപോകുന്ന മാനേജ്മെന്റുകൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

ഉന്മൂലനം ചെയ്തിരുന്ന രോഗങ്ങളുടെ തിരിച്ചുവരവ്

*794 ശ്രീ. കെ. അജിത്
,, സി. ദിവാകരൻ
,, ജി.എസ്. ജയലാൽ
,, വി. ശശി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) തീരദേശ ഗ്രാമങ്ങളിൽ നിന്നും നിർമ്മാർജ്ജനം ചെയ്ത ചില മാരക രോഗങ്ങൾ വീണ്ടും കണ്ടു തുടങ്ങിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിരോധ നടപടികളിൽ വീഴ്ച വന്നിട്ടുണ്ടോ; വീണ്ടും ശക്തമാക്കാൻ എന്തു പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ;

(സി) തീരദേശ ഗ്രാമങ്ങളിൽ പ്രതിരോധ കുത്തിവെയ്പുകളും ബോധവൽക്കരണവും നടപ്പിലാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

<u>ചെറുകിട-ചില്ലറ വ്യാപാര സ്ഥാപനങ്ങളിലെ പ്രശ്നങ്ങൾ</u>

*795 ശ്രീ. എളമരം കരീം
,, ജെയിംസ് മാത്യു
,, ബാബു എം. പാലിശ്ശേരി
,, പി. റ്റി. എ. റഹീം

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്തെ പീടികകളിലും ചില്ലറ വില്പനശാലകളിലും അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാതെ പന്ത്രണ്ട് മണിക്കൂറോളം പണിയെടുക്കുന്നവർക്ക് മിനിമം വേതനം പോലും ലഭിക്കുന്നില്ലെന്നതുമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പരിശോധന നടത്താറുണ്ടോ; എങ്കിൽ കണ്ടെത്തൽ എന്തായിരുന്നു; അടിസ്ഥാനസൗകര്യവും മിനിമം വേതനവും ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ചെറുകിട-ചില്ലറ വില്പനശാലകളിൽ പണിയെടുക്കുന്നവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഡി) കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം അവലോകനം ചെയ്തിരുന്നോ; വിശദാംശം നൽകുമോ;

(ഇ) പീടിക തൊഴിലാളി ക്ഷേമനിധിയിൽ എത്ര അംഗങ്ങളുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

ചെക്കുഡാമുകളും റെഗുലേറ്ററുകളും നിർമ്മിക്കാനുള്ള പദ്ധതി

*796 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, രാജു എബ്രഹാം
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി കെ.എസ്. സലീഖ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും കണക്കിലെടുത്ത് ജലസംരക്ഷണത്തിനായി ചെക്കുഡാമുകളും റെഗുലേറ്ററുകളും നിർമ്മിക്കുന്നതിനായി മുൻവർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എത്ര ചെക്കുഡാമുകളും റെഗുലേറ്ററുകളും നിർമ്മിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നതെന്നും അതിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും അറിയിക്കുമോ;

(സി) ഇതിനായി ഇതുവരെ എന്തുതുക ചെലവഴിച്ചെന്നും ഇനി പദ്ധതി പൂർത്തീകരിക്കാനായി എന്തു തുകകൂടി വേണ്ടിവരുമെന്നുമാണ് കണക്കാക്കിയിരിക്കുന്നതെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിൽ മോളിക്യുലാർ ഡയഗ്നോസിസ് വിഭാഗം</u>

*797 ശ്രീ. സി.പി. മുഹമ്മദ്
,, എം.എ. വാഹീദ്
,, ഹൈബി ഈഡൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സർക്കാർ ആശുപത്രികളിൽ മോളിക്യൂലാർ ഡയഗ്നോസിസ് വിഭാഗത്തിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം തരത്തിലുള്ള ആശുപത്രികളിലാണ് ഇതിന് സൗകര്യമൊരുക്കി യിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അനുയോജ്യമായ എല്ലാ ആശുപത്രികളിലും ഈ വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ വിഭാഗത്തിന്റെ പ്രവർത്തനത്തിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ആശുപത്രികളിൽ ഒരുക്കിയിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

ഡീസലൈനേഷൻ പ്രോജക്ടുകൾ

*798 ശ്രീ. ജി. സുധാകരൻ
,, എം. എ. ബേബി
,, സി. കെ. സദാശിവൻ
,, എ. എം. ആരിഫ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) തീരപ്രദേശങ്ങളിലെയും കുട്ടനാട്ടിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഡീസലൈനേഷൻ പ്രോജക്ടുകൾ പ്രഖ്യാപിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രോജക്ടുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രോജക്ടുകളിൽ നിന്ന് എത്ര പേർക്ക് പ്രയോജനം ലഭിച്ചുവെന്നും ഇതിനായി എന്തു തുക ചെലവഴിച്ചെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

ജലപാതകളുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ

*799 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. വി. അബ്ദുൾ ഖാദർ
,, കെ. ദാസൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഈ സർക്കാർ ജലപാതകളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത എന്നു മുതൽ ഗതാഗതയോഗ്യമാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ; ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് അറിയിക്കുമോ ;

(സി) കോട്ടപ്പുറം-നീലേശ്വരം, കൊല്ലം-കോവളം ജലപാത വികസിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ അതിനായി എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചെന്ന്
അറിയിക്കുമോ ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

<u>പട്ടിജാതി-പട്ടികവര്‍ഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പുരോഗതി</u>

*800 ശ്രീ. കെ. രാധാകൃഷ്ണന്‍
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. പുരുഷന്‍ കടലുണ്ടി
,, ആര്‍. രാജേഷ്

**താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:**

( എ ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പട്ടികജാതി-പട്ടികവര്‍ഗ്ഗ മറ്റ് പിന്നോക്ക വിഭാഗത്തില്‍പ്പെട്ട ജനതയുടെ പുരോഗതിക്കായി എന്തെങ്കിലും നയം രൂപീകരിച്ചിട്ടുണ്ടെങ്കില്‍ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി ) വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ വിജയകരമായി നടപ്പിലാക്കിയതിനാല്‍ പ്രസ്തുത വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ ലഘൂകരിക്കുവാന്‍ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി ) എങ്കില്‍ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രസ്തുത ജനവിഭാഗത്തിനു വേണ്ടിയുള്ള ഓരോ പദ്ധതി നടപ്പാക്കുന്നതിലും വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ ഉറപ്പാക്കിയതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

<u>മരുന്നുകൾ നശിപ്പിച്ച സംഭവം</u>

*801 ശ്രീ. മാത്യു റ്റി. തോമസ്
,, സി.കെ. നാണു
ശ്രീമതി ജമീലാ പ്രകശം
ശ്രീ. ജോസ് തെറ്റയിൽ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ സൂക്ഷിച്ചിരുന്ന മരുന്നുകൾ വ്യാപകമായി കത്തിച്ച് നശിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എവിടെയൊക്കെയാണ് അത്തരം സംഭവങ്ങൾ ഉണ്ടായതെന്ന് വ്യക്തമാക്കുമോ ;

(സി) കാലാവധി കഴിയാത്തതടക്കമുള്ള മരുന്നുകൾ നശിപ്പിക്കാൻ ഉണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ഇതുമൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

വ്യാജമരുന്നുകളുടെ വിപണനം

*802 ശ്രീ. പി. തിലോത്തമൻ
,, ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
,, ഇ. കെ. വിജയൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) വ്യാജവും ഗുണമേന്മയില്ലാത്തതുമായ മരുന്നുകളുടെ വിപണനം തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മരുന്നുകളുടെ പരിശോധന യഥാസമയം നടത്തുന്നതിനാവശ്യമായ സംവിധാനങ്ങളില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പരിശോധനയ്ക്കായി മരുന്നുകൾ കെട്ടിക്കിടക്കുന്നുണ്ടോ; എങ്കിൽ മൊത്തം എത്ര മരുന്ന് സാമ്പിളുകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

<u>വാട്ടർ കണക്ഷനുള്ള അപേക്ഷാനടപടികൾ</u>

*803 ശ്രീ. കെ. മുരളീധരൻ
,, ലൂഡി ലൂയിസ്
,, എം.എ. വാഹീദ്
,, സണ്ണി ജോസഫ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) വാട്ടർ അതോറിറ്റിയിൽ വാട്ടർ കണക്ഷനുള്ള അപേക്ഷാനടപടികൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചത്; വിശദാംശങ്ങൾ നൽകുമോ;

(സി) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത ഇതുമൂലം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗം</u>

*804 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ് തോമസ്
,, തോമസ് ഉണ്ണിയാടൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:**

(എ) സർക്കാർ മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗങ്ങളിൽ എത്തുന്ന, ഗുരുതരമായി പരിക്കേൽക്കുന്ന രോഗികൾക്ക് പോലും കൃത്യസമയത്ത് വേണ്ട പരിചരണം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയുടേതുൾപ്പെടെ അത്യാഹിത വിഭാഗങ്ങളിൽ മതിയായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

<u>സാന്ത്വന ചികിത്സാ സംവിധാനങ്ങൾ</u>

*805 ശ്രീ. രാജു എബ്രഹാം
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സാന്ത്വന ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) നിലവിലുള്ള സംവിധാനത്തിന്റെ പോരായ്മയെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ടു നൽകണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശാനുസരണം അന്വേഷണം നടത്തിയോ; വിശദാംശം അറിയിക്കുമോ;

(സി) ഈ രംഗത്തുള്ള പ്രധാന പ്രശ്നം എന്താണെന്നും അത് പരിഹരിക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും അറിയിക്കുമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

പമ്പ, അച്ചൻകോവിൽ, വൈപ്പാർ നദിസംയോജനം

*806 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
,, മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പമ്പ, അച്ചൻകോവിൽ, വൈപ്പാർ അടക്കമുള്ള നദികളുടെ സംയോജനത്തിന് സുപ്രീം കോടതിയിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം ഉള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണ് പ്രസ്തുത നിർദ്ദേശമെന്നും ആയത് എന്നാണ് നല്കിയതെന്നും അറിയിക്കുമോ;

(സി) സംസ്ഥാന സർക്കാർ പ്രസ്തുത കേസ്സിൽ കക്ഷിയായി തർക്കം ഉന്നയിച്ചിട്ടുണ്ടോ;

(ഡി) നദികളുടെ സംയോജനം സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നിലപാട് ഏതൊക്കെ വേദികളിൽ ഇതിനോടകം ഉന്നയിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

തൊഴിലാളികൾക്ക് കൂലി നൽകുന്നതിന് ഇ-പെയ്മെന്റ് സംവിധാനം

*807 ശ്രീ. സണ്ണി ജോസഫ്
,, ബെന്നി ബെഹനാൻ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) തൊഴിലാളികൾക്ക് കൂലി നൽകുന്നതിന് വിവിധ മേഖലകളിൽ ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) തൊഴിലാളികൾക്ക് ലഭിക്കുന്ന കൂലിയിൽ കൃത്രിമം നടത്താതിരിക്കുന്നതിന് പ്രസ്തുത സംവിധാനം എത്രമാത്രം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ

## 17-7-2014-ലെ മറുപടിക്ക്

<u>പട്ടികജാതിയിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം</u>

*808 ശ്രീ. എം. ഉമ്മർ
,, സി. മോയിൻകുട്ടി
,, പി. ബി. അബ്ദുൾ റസാക്
,, പി. കെ. ബഷീർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പട്ടികജാതിയിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമ പ്രകാരമുള്ള പരിരക്ഷ ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പരിശോധനയിൽ കണ്ടെത്തിയ അപര്യാപ്തതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) അതിക്രമത്തിനിരയാകുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

<u>മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന നിലവാരം</u>

*809 ശ്രീ. ബാബു എം. പാലിശ്ശേരി
,, എ. പ്രദീപ്കുമാർ
,, പുരുഷൻ കടലുണ്ടി
ഡോ. കെ.ടി. ജലീൽ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കുതിരവട്ടത്തെ മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗിയെ മർദ്ദിച്ച് കൊലപ്പെടുത്തിയ സംഭവത്തിൻെറ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ആശുപത്രി അധികൃതരുടെ വീഴ്ചയും സൗകര്യങ്ങളുടെ അപര്യാപ്തതയും പരിശോധിച്ചിട്ടുണ്ടോ;

(സി) മാനസികാരോഗ്യ ചികിത്സാ കേന്ദ്രങ്ങളെ ആധുനീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 17-7-2014-ലെ മറുപടിക്ക്

കേരള ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി

*810 ശ്രീ. എ.കെ. ബാലൻ
" കെ.കെ. ജയചന്ദ്രൻ
" റ്റി.വി. രാജേഷ്
" വി. ചെന്താമരാക്ഷൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കേരള ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പിലായോ ;

(ബി) ആയുർവേദ സർവ്വകലാശാല കൊണ്ട് എന്തൊക്കെ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത് ;

(സി) ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ എവിടെയാണ്;

(ഡി) ഗവേഷണ പ്രധാനമായ സർവ്വകലാശാല സ്ഥാപിക്കുന്നതിനു മതിയായ ഫണ്ട് ബജറ്റിൽ വകയിരുത്തിയിരുന്നോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ; ഇതുവരെയുള്ള പ്രവൃത്തി പുരോഗതി അറിയിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂലൈ 8.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]